(ബി) ഇപ്പോൾ നൽകുന്ന പരിശീലനം അപര്യാപ്തമാണെന്ന് ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(സി) ഇതുവരെ നടന്ന പരിശീലന പരിപാടികളെപ്പറ്റി ഗവൺമെന്റ് അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. ഇതിനായി കൂടുതൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. എൽ.എൽ.ബി., എം.ബി.ബി.എസ്., എൻജിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷ, ബി.എസ്.ആർ. ബി., പി. എസ്. സി., സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ എന്നിവ നടത്തുന്ന പരീക്ഷകൾ, രണ്ട് വർഷത്തെ ടൈപ്പ്റൈറ്റിംഗ് ആന്റ് സ്റ്റെനോഗ്രാഫി കോഴ്സ് എന്നിവയാണ് മൂന്ന് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിൽ പരിശീലനം നൽകിവരുന്ന കോഴ്സുകൾ. ടൈപ്പ്റൈറ്റിംഗ് ആന്റ് സ്റ്റെനോഗ്രാഫി കോഴ്സിനൊഴികെ മറ്റെല്ലാ പരീക്ഷകളിലും വിജയശതമാനം കുറവാണ്. പരിശീലനം നേടിവരുന്ന കുട്ടികളുടെ നിലവാരവും പരിശീലന നിലവാരവും അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തതയും മോശപ്പെട്ട റിപ്പോർട്ടിന് കാരണമാണ്. കേന്ദ്രഗവൺമെന്റ് നിർദ്ദേശപ്രകാരം പരിശീലനാർത്ഥികളുടെ പ്രതിവർഷകുടുംബവരുമാനം പരമാവധി 44,500 രൂപ എന്ന് നിജപ്പെടുത്തിയിരിക്കുന്നത് കാരണം ആ തുകയ്ക്ക് മുകളിൽ വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് പരിശീലനം നൽകാൻ കഴിയുന്നതല്ല. 1996-97 മുതൽ നടത്തിക്കൊണ്ടിരിക്കുന്നതും ഇപ്പോൾ നടന്നുവരുന്നതുമായ വിവിധ പരീക്ഷകളിൽ പങ്കെടുത്തവരുടെയും ജയിച്ചവരുടെയും വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

യുവജനക്ഷേമ ബോർഡ്

12(915) പ്രൊ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനം വിശദമാക്കാമോ ;

(ബി) പുതുതായി എന്തെല്ലാം പദ്ധതികളാണ് ബോർഡ് ആവിഷ്ക്കരിച്ചിട്ടുള്ളത് ;

(സി) ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഏതെങ്കിലും കമ്മിറ്റിയെ നിയമിക്കുകയുണ്ടായോ ;

(ഡി) പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

---

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) യുവജനങ്ങളെ കർമ്മോത്സുകരാക്കുന്നതിന് ഉതകുന്ന താഴെ പറയുന്ന പ്രവർത്തനങ്ങളാണ് യുവജനക്ഷേമ ബോർഡ് പ്രധാനമായും നടത്തി വരുന്നത്.

1. കേരളത്തിലെ മുഴുവൻ യുവജനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് എല്ലാവർഷവും നടത്തുന്ന കേരളോത്സവം.

2. ചിത്രവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിന് വർഷംതോറും നടത്തുന്ന എക്സിബിഷൻ ഫോർ യൂത്ത്.

3. ദേശബോധം/ദേശഭക്തി, സംഘബോധം എന്നിവ വളർത്തുന്നതിന് ദേശീയോദ്ഗ്രഥന ക്യാംപുകളും യൂത്ത് എക്സ്ചെയിഞ്ച് പരിപാടികളും.

4. സാഹസികതാബോധം വളർത്തുന്നതിന്, പാരാഗ്ലൈഡിംഗ്, പാരാജംപിംഗ്, ട്രെക്കിംഗ് എന്നിവയിൽ പരിശീലനം.

5. സ്വയംതൊഴിൽ പദ്ധതി പ്രകാരം വിവിധ ഗെയിമുകളിൽ പരിശീലനം.

6. പരിസ്ഥിതി സംരക്ഷണത്തിനായി കേരളത്തിലെ എല്ലാ ജില്ലകളിലും വിവിധ വകുപ്പുകളുടെ സഹായത്തോടെ വൃക്ഷത്തൈ നടീൽ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

7. കേരളത്തിൽ മൂന്ന് യൂത്ത് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു.

8. നടപ്പ് സാമ്പത്തിക വർഷത്തിൽ സഹസ്രാബ്ദ സാഹസിക യാത്ര, ജലയാന, ദേശീയോദ്ഗ്രഥന ക്യാമ്പ്, വൈമാനിക സാഹസിക പരിശീലന പരിപാടികൾ എന്നിവ നടത്തുകയുണ്ടായി.

(ബി) പുതിയതായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ ഇവയാണ്.

1. സ്റ്റേറ്റ് യൂത്ത് വോളന്റിയർ സ്കീം.

2. യൂത്ത് ഇൻഫർമേഷൻ ആന്റ് ഡോക്യുമെന്റേഷൻ സെന്റർ.

3. സ്പെഷ്യൽ എംപവ്വർമെന്റ് പ്രോഗ്രാം.

4. ഹെൽത്ത് കെയർ ഓഫ് ദി പീപ്പിൾസ് ഗ്രൂപ്പ് ഇൻഷ്വറൻസ്.

(സി) ഉണ്ട്.

(ഡി) യുവജനക്ഷേമ പ്രവർത്തനങ്ങളെപ്പറ്റി പഠിക്കാനും ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കാനും നിയോഗിക്കപ്പെട്ട എം.എൽ.എ. മാർ ഉൾപ്പെട്ട വിദഗ്ദ്ധ സമിതി ഇതിനകം 23 യോഗങ്ങൾ ചേരുകയുണ്ടായി. വിവിധ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനങ്ങളിലേയ്ക്കും, വിവിധ വകുപ്പുകളിലേയ്ക്കും യുവജനക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരുമായും, വിവിധവകുപ്പ് തലവന്മാരുമായും ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. വിദഗ്ദ്ധസമിതി, അതിന്റെ റിപ്പോർട്ട് ഗവൺമെന്റിൽ സമർപ്പിച്ചിട്ടില്ല.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് നൽകുന്ന ധനസഹായം

13(916) ശ്രീ. എൻ. കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് നൽകുന്ന ധനസഹായത്തെക്കുറിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് നിലവിലുണ്ടായിരുന്ന നിയമത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം നൽകാൻ ഇപ്പോൾ പഞ്ചായത്തുകളെയാണോ ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ഡി) പഞ്ചായത്തുകൾ പ്ലാൻ ഫണ്ട് തയ്യാറാക്കുന്ന സമയത്ത് ഇതിനാവശ്യമായ തുക വകയിരുത്താത്തതുമൂലം ഈ ആനുകൂല്യം നിഷേധിക്കപ്പെടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതിനാവശ്യമായ ഫണ്ട് വകയിരുത്തുവാൻ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് അടിയന്തിരമായി സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1998-99 വരെ നടപ്പിലാക്കിയിരുന്ന പദ്ധതി പ്രകാരം 12,000 രൂപയിൽ കവിയാത്ത കുടുംബവാർഷിക വരുമാനമുള്ളവർക്കാണ് 2000 രൂപ വീതം വിവാഹ ധനസഹായം അനുവദിച്ചിരുന്നത്. 26-11-1998 ലെ സർക്കാർ ഉത്തരവ് പ്രകാരം ധനസഹായത്തിന്റെ തുക 5000 രൂപയായി ഉയർത്തി.

(ബി) ഇല്ല.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിരിക്കുന്ന ഒരു പദ്ധതിയാണിത്.

(ഡി) ആനുകൂല്യം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഇക്കാര്യം സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly